LIBRARY ARCHIVES Kerala Legislative Assembly

കേരള തുളു അക്കാദമി

45 (7342) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് മഞ്ചേശ്വരത്തുള്ള കേരള തുളു അക്കാദമി ഏതുവർഷത്തിലാണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ :

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര തുക അക്കാദമിക്കായി അനുവദിച്ചിട്ടുണ്ടെന്നും ആ കാലയളവിൽ എന്തൊക്കെ പ്രവർത്തനങ്ങൾ അക്കാദമിക്കായി നടത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ എത്ര തുക തുളു അക്കാദമിക്കായി അനുവദിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) 2007 വർഷത്തിലാണ് കേരള തുളു അക്കാദമി ആരംഭിച്ചത്.

(ബി) 2008-09, 2009-10, 2010-11 വർഷങ്ങളിൽ ആകെ 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തുളു കലണ്ടർ പ്രകാരമുള്ള 'Aatida Aayona', 'Keddasa Ninada', 'Sona Sugipu' എന്നീ തുളു സാംസ്കാരിക പരിപാടികളും, World Tulu Theatre Day, Tulu Janapada Utsava, Folklore Debating എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്. മാർച്ച് 2008-ൽ Thembere എന്ന ത്രൈമാസിക പുറത്തിറക്കിയിട്ടുണ്ട്. കൂടാതെ യക്ഷഗാനം, കംബാല (Buffalo race), തുളു നാടകങ്ങൾ, സാഹിത്യം എന്നിവയെ പ്രോത്സാഹിപ്പിച്ചും വരുന്നു.

(സി) ഈ സർക്കാരിന്റെ കാലത്ത് 2012-13 വർഷത്തിൽ ബജറ്റിൽ വകയിരുത്തിയ 10 ലക്ഷം രൂപ തുളു അക്കാദമിയുടെ സാംസ്കാരിക പ്രവർത്തനങ്ങൾക്കായും 2013-14 വർഷത്തിൽ അക്കാദമിയുടെ ആസ്ഥാന കെട്ടിട നിർമ്മാണത്തിനായി 25 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

പ്രാദേശിക പത്രലേഖകർ

46 (7343) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് എത്ര പ്രാദേശിക പത്രലേഖകർ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത് ; വ്യക്തമാക്കാമോ ?

ഉത്തരം

സംസ്ഥാനത്ത് എത്ര പ്രാദേശിക പത്രലേഖകരുണ്ടെന്ന് കണക്കാക്കുന്നതിനുള്ള പഠനം നടത്തിയിട്ടില്ലാത്തതിനാൽ വിവരം ലഭ്യമല്ല.